ലേഖനം

○

റാശിദുൽ ഗനൂശി

# ഇസ്‌ലാമിക നവോത്ഥാനം വെല്ലുവിളികൾ

**വെല്ലുവിളികൾ** ധാരാളമുണ്ട്. ഇസ്‌ലാമിനെപ്പറ്റി നിലനിൽക്കുന്ന അജ്ഞതയാണ് അവയിൽ പ്രധാനം. അതു മുസ്‌ലിംകൾക്കിടയിലും അമുസ്‌ലിംകൾക്കിടയിലുമുണ്ട്. ഇസ്‌ലാമിക പ്രബോധനത്തിന്റെ വക്താക്കളിൽ പോലുമുണ്ട് ആ അജ്ഞത.

ഇസ്‌ലാമിനെക്കുറിച്ച അജ്ഞത തന്നെയാണ് മുസ്‌ലിംകളിലും അമുസ്‌ലിംകളിലും പെട്ട കുറെ നല്ല മനുഷ്യരെ ഇസ്‌ലാം വിരുദ്ധ നിലപാടിൽ കൊണ്ടു ചാടിക്കുന്നത്. ഇസ്‌ലാമിനെ ഒരു ഭീഷണിയായി കാണുന്നത് ഉദാഹരണമായെടുക്കുക. വ്യക്തിസ്വാതന്ത്ര്യം, പൊതുസ്വാതന്ത്ര്യം, വിശ്വാസസ്വാതന്ത്ര്യം, ചിന്താ സ്വാതന്ത്ര്യം, അഭിപ്രായ സ്വാതന്ത്ര്യം, സഞ്ചാര സ്വാതന്ത്ര്യം, കലാ സ്വാതന്ത്ര്യം, ആവിഷ്‌ക്കാര സ്വാതന്ത്ര്യം, പാർട്ടികളും പത്രങ്ങളും അസോസിയേഷനുകളും സ്ഥാപിക്കാനുള്ള സ്വാതന്ത്ര്യം, ബാലറ്റുപെട്ടിയിലൂടെ ജനങ്ങൾക്ക് തങ്ങളുടെ ഭരണാധികാരിയെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം, ജനങ്ങൾ നിയമത്തിന്റെ സ്രോതസ്സാകുന്നത്, സ്ത്രീ സ്വാതന്ത്ര്യം, സമത്വത്തിന്റെ കാര്യത്തിൽ അവരുടെ അവകാശങ്ങൾ, എല്ലാ തരത്തിലുമുള്ള മനുഷ്യാവകാശങ്ങൾ തുടങ്ങി മനുഷ്യ സമൂഹം പോരാടി നേടിയ ഏതൊക്കെ മൂല്യങ്ങളും ആശയങ്ങളുമുണ്ടോ അവക്കൊക്കെ ഇസ്‌ലാം ഭീഷണിയാണെന്നാണ് ധാരണ.

അതുപോലെത്തന്നെ, ഇസ്‌ലാം മുസ്‌ലിമിനു തന്നെയും ഭീഷണിയാണെന്ന് കരുതുക. നാഗരികതകളും സമൂഹങ്ങളും തമ്മിലുള്ള സംവാദത്തിനും ആദർശം പരിഗണിക്കാതെ സമൂഹങ്ങൾ തമ്മിലുള്ള സഹകരണത്തിനും, വ്യക്തിയുടേതാവട്ടെ, രാഷ്ട്രത്തിന്റേതാവട്ടെ, സമൂഹങ്ങളുടേതാവട്ടെ ഏതുതരം അക്രമത്തെയും തടയുന്നതിനും ഇസ്‌ലാം ഭീഷണിയായിരിക്കും എന്നു ധരിക്കുക. വർഗീയതയും തീവ്രതയും പിന്തിരിപ്പത്തവും ഭീകരതയും, വ്യക്തികളുടെയും ജനതകളുടെയും സ്വാതന്ത്ര്യങ്ങൾക്കു മേലുള്ള കടന്നുകയറ്റവും -ഇവയുമായി ഇസ്‌ലാമിനെ ബന്ധിപ്പിക്കുക. നീതി, സ്വാതന്ത്ര്യം, ജനാധിപത്യം, കല, ആവിഷ്‌ക്കാരം, വിജ്ഞാനം, പുരോഗതി, സമാധാനം പോലുള്ള സുന്ദരമായ തത്ത്വങ്ങളുമായി അത് ഏറ്റുമുട്ടുമെന്ന് കരുതുക. ഇതൊക്കെ ഇസ്‌ലാമിനെപ്പറ്റിയുള്ള വലിയ അജ്ഞതക്ക് തെളിവാണ്.

രണ്ടാമത്തെ വെല്ലുവിളി, സ്വേഛാധിപത്യമാണ്. അതിന്റെ കാൽക്കീഴിൽ ഞെരിഞ്ഞമരുകയാണ് മുസ്‌ലിം ലോകം. ഇസ്‌ലാമിക നവോത്ഥാനത്തിന്റെ സന്തതികൾ, തങ്ങളുടെ കഴിവനുസരിച്ച് സ്വേഛാധിപതികൾക്കെതിരെ വിട്ടുവീഴ്ച്ചയില്ലാത്ത പോരാട്ടത്തിൽ മുഴുകേണ്ടതുണ്ട്. ഇസ്‌ലാം, ജനാധിപത്യം, മനുഷ്യാവകാശം, ദേശീയ ഐക്യം തുടങ്ങി സുന്ദരമായ മൂല്യങ്ങളെ മൂടുപടങ്ങളായി സ്വീകരിച്ചിരിക്കുന്നുവെന്നതാണ് സ്വേഛാധിപത്യത്തിന്റെ ഏറ്റവും വലിയ മ്ലേഛത. പല മുസ്‌ലിം നാടുകളിലും

കപടന്മാരായ ഭരണാധികാരികൾ അതാണു ചെയ്യുന്നത്.

ഇസ്‌ലാമിക നവോത്ഥാനത്തിന്റെ വക്താക്കൾ ഭൂമിയിൽ, സ്വാതന്ത്ര്യത്തിന്റെയും ശൂറയുടെയും ജനാധിപത്യത്തിന്റെയും മൂല്യങ്ങൾ അതിന്റെ എല്ലാ പൂർണതയോടെയും ഊട്ടിയുറപ്പിക്കാൻ പ്രയത്നിക്കേണ്ടതുണ്ട്. സ്വേഛാധിപത്യത്തെ എതിർക്കുന്ന, മനുഷ്യാവകാശങ്ങളെയും ജനാധിപത്യത്തെയും സംരക്ഷിക്കുന്ന എല്ലാവരുമായും, അവർ ഏതു മതക്കാരാവട്ടെ, സഹകരിച്ചു പ്രവർത്തിക്കണം, മുസ്‌ലിം ലോകത്തിനകത്തു മാത്രമല്ല പുറത്തും അതാണ് ചെയ്യേണ്ടത്. ഏതു സ്വേഛാധിപത്യവും മ്ലേഛമാണ്. സന്മാർഗം കഴിഞ്ഞാൽ പിന്നെ സ്വാതന്ത്ര്യത്തെക്കാൾ വലിയൊരു ദൈവാനുഗ്രഹം വേറെയില്ല. സ്വാതന്ത്ര്യം സന്മാർഗത്തിലേക്കുള്ള പാതയാണ്.

മൂന്നാമത്തെ വെല്ലുവിളി, ഒരിസ്‌ലാമിക മാതൃക സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ടതാണ്. ഇസ്‌ലാമിക ഭരണത്തിന്റെ മാതൃക. ഇസ്‌ലാമിന്റെ നീതിയെ വിളംബരം ചെയ്യുന്ന സാമൂഹിക-സാംസ്കാരിക മാതൃക. അല്ലാഹുവിന്റെ നാമങ്ങളെ ഭൂമിയിൽ മനുഷ്യൻ പ്രതിനിധാനം ചെയ്യുന്നതിന്റെ മാതൃക. ഇസ്‌ലാമിക നവോത്ഥാനം നേരിടുന്ന വലിയൊരു വെല്ലുവിളിയും പരീക്ഷണവുമാണിത്. ഏതു നാട്ടിലെയും ഇസ്‌ലാമികപദ്ധതിയുടെ വക്താക്കൾ അങ്ങേയറ്റം അവബോധമുള്ളവരും ഉത്തരവാദിത്വബോധമുള്ളവരുമായിരിക്കണം എന്നതാണ് ഇതിന്റെ പൊരുൾ. അല്ലാഹു ഏൽപിച്ച 'അമാന'ത്തിന്റെ കാര്യത്തിൽ അവർ അവന്റെ മുമ്പിൽ ഉത്തരവാദികളാണ്. തങ്ങളുടെ തെറ്റായ ധാരണ മൂലമോ അല്ലെങ്കിൽ ധൃതിയും കുറഞ്ഞ ക്ഷമയും മൂലമോ, ജനങ്ങൾക്ക് ഇക്കാര്യത്തിൽ വിമ്മിട്ടമുണ്ടാകുന്നത് കരുതിയിരിക്കണം. ഒരു സംഘടനക്ക് തോന്നിയ പോലെ പ്രവർത്തിക്കാൻ, ഇസ്‌ലാമിക പദ്ധതി ഏതെങ്കിലുമൊരു പ്രത്യേക സംഘടനയുടെ സ്വകാര്യ സ്വത്തല്ല എന്നവർ മനസ്സിലാക്കണം. 'ഉമ്മത്തി'ന്റെ സ്വത്താണത്. എന്നല്ല, മൊത്തം മാനുഷ്യകത്തിന്റെ സ്വത്താണ്. അതുകൊണ്ട്, അവർ അല്ലാഹുവിന്റെ സൃഷ്ടികളോട് മൃദുലമായി പെരുമാറട്ടെ. തങ്ങളുടെ പ്രവർത്തനങ്ങൾ ലോകത്ത്, ഇസ്‌ലാമിന്റെ ഫ്രെയ്മിൽ സൃഷ്ടിക്കുന്ന പ്രതിഫലനങ്ങളെന്തെന്ന് വിലയിരുത്തട്ടെ.

ഇസ്‌ലാമിനോടും ഇസ്‌ലാമിക സമൂഹത്തോടുമുള്ള പടിഞ്ഞാറിന്റെ ശത്രുതയാണ് നാലാമത്തെ വെല്ലുവിളി. മധ്യകാല നൂറ്റാണ്ടുകളിലുള്ളതിനെക്കാൾ അതു കുറഞ്ഞിട്ടുണ്ട്. അന്ന് അറിവില്ലാത്തതുകൊണ്ട് ഇസ്‌ലാമിനെ നേരാംവണ്ണം മനസ്സിലാക്കുന്നതിനോ അതിന്റെ അനുയായികളോട് നീതി കാണിക്കുന്നതിനോ പടിഞ്ഞാറൻ സമൂഹങ്ങൾക്ക് കഴിഞ്ഞില്ല. എന്നാൽ, ഫ്യൂഡലിസത്തിൽനിന്നും ചർച്ച് ഭരണത്തിൽനിന്നും മോചിതമായ ശേഷം, പാശ്ചാത്യ സമൂഹങ്ങളുടെ ചരിത്രത്തിൽ ഇതാദ്യമായി അവർക്ക് മുസ്‌ലിംകളുടെയും പള്ളികളുടെയും ഇസ്‌ലാമിക കൃതികളുടെയും സാന്നിധ്യം അനുഭവിച്ചറിയാൻ അവസരം ലഭിച്ചിരിക്കുന്നു. മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം, ക്രിസ്ത്യാനികളുമായും ജൂതന്മാരുമായും ഉള്ള സഹകരണം തങ്ങളുടെ ചരിത്രത്തിന്റെ തുടക്കം മുതലേ എല്ലാ കാലഘട്ടത്തിലും അവർക്ക് ശീലമായിരുന്നു.

ഇസ്‌ലാമിനെക്കുറിച്ചുള്ള പാശ്ചാത്യരുടെ അറിവ് വർധിച്ചുവരികയാണെന്നതു വസ്തുതയാണ്. ഇസ്‌ലാമിനെപ്പറ്റി മനസ്സിലാക്കിയ പാശ്ചാത്യർ അത്ഭുതം കൂറുകയും അതിലേക്കാകൃഷ്ടരാകുകയും ചെയ്യുന്നുണ്ട്. ഇന്ന് പാശ്ചാത്യ ലോകത്ത് ഇസ്‌ലാമിന്റെ സുഹൃത്തുക്കളായിത്തീർന്ന അധികപേരും ഇസ്‌ലാമിക വിജ്ഞാനീയങ്ങളിൽ വ്യുൽപത്തി നേടിയിട്ടുള്ള അക്കാദമീഷ്യന്മാരാണ്. അതേയവസരം, സാധാ

രണക്കാർക്കിടയിൽ ഇസ്‌ലാമിനെപ്പറ്റിയുള്ള അജ്ഞതയും അതിനോടുള്ള ശത്രുതയും ഇപ്പോഴും നിലനിൽക്കുകയാണ്. രണ്ടു നൂറ്റാണ്ടിലേറെയായി പാശ്ചാത്യ മനസ്സിന്റെ ആഴങ്ങളിൽ വേരൂന്നുകയും വിഷം ചീറ്റുകയും ചെയ്ത സയണിസ്റ്റ് പ്രസ്ഥാനമാണ് കാര്യങ്ങൾ വഷളാക്കുന്നതും സങ്കീർണമാക്കുന്നതും. പാശ്ചാത്യ സാഹിത്യത്തിൽ, ചർച്ചുകളിൽ, സർവകലാശാലകളിൽ എന്നുവേണ്ട രാഷ്ട്രീയ തീരുമാന കേന്ദ്രങ്ങളിലും സൈന്യത്തിൽ വരെയും സയണിസ്റ്റുകൾ ആഴത്തിൽ പിടിമുറുക്കിയിരിക്കുന്നു.

ഇസ്‌ലാമിനെതിരെ പ്രകോപനമുണ്ടാക്കുന്നതിലും അതിന്റെ നവോത്ഥാനം പറഞ്ഞ് പേടിപ്പിക്കുന്നതിലും അതിനെ വികൃതമായി ചിത്രീകരിക്കുന്നതിലും 'ഇസ്‌ലാമിക ഫണ്ടമെന്റലിസ' ത്തിന്റെയും ഇസ്‌ലാമിക ഭീഷണിയുടെയും കഥകൾ മെനയുന്നതിലും മുഖ്യ റോൾ ആടുന്നത് സയണിസം തന്നെയാണ്. ഏറ്റവും തീവ്രവും ശത്രുതാപരവുമായ ഫണ്ടമെന്റലിസം ഇസ്രയേൽ നെസറ്റിലെ കസേരകളിലിരിക്കുന്നവർക്കാണ് എന്നത് ആർക്കും അജ്ഞാതമല്ല. ലോകത്തെ പൂർണ തകർച്ചയിലേക്കാണ് സയണിസം നയിക്കുന്നത്. മതങ്ങളെയും മൂല്യങ്ങളെയും കുടുംബങ്ങളെയും അത് തകർക്കുകയാണ്. അതിൽ മോസസ്സിന്റെ നിർമലമായ സാക്ഷാൽ സന്ദേശവും ഉൾപ്പെടും.

സയണിസ്റ്റ് വൈകൃതങ്ങളിൽ നിന്ന് പാശ്ചാത്യ മനസ്സിനെ മോചിപ്പിക്കാൻ ഇസ്‌ലാമിക ചിന്തകരും സ്വതന്ത്ര പാശ്ചാത്യ ചിന്തകരും മുൻകൈയെടുക്കേണ്ടതുണ്ട്. അങ്ങനെ, നീതിക്കും സമൂഹങ്ങളുടെ സ്വാതന്ത്ര്യത്തിനും വേണ്ടി പാശ്ചാത്യ നാഗരികതക്കും ഇസ്‌ലാമിക നാഗരികതക്കുമിടയിൽ ചരിത്രപരമായ പരാഗണം സാധിക്കണം. സൂക്ഷ്മ പഠനത്തിൽ പരസ്പരം സാമ്യതകളുള്ള രണ്ടു നാഗരികതകളാണവ. ദിവ്യബോധനത്തിന്റെ കാര്യത്തിലും ലോകത്തെ സ്വാതന്ത്ര്യപ്പോരാട്ടങ്ങളുടെ പാരമ്പര്യത്തിലും അവ രണ്ടിനുമിടയിൽ യോജിപ്പുകളുണ്ട്. ഇസ്‌ലാമിക ലോകത്തെ പുരോഗതി വായിച്ചെടുക്കാനും ഇസ്‌ലാം സമാഗതമാവാൻ പോവുകയാണെന്ന് തിരിച്ചറിയാനും പാശ്ചാത്യ നേതാക്കൾ തയാറായാൽ പിന്നെ നാഗരികതകളുടെ സംഘട്ടനം ഒരനിവാര്യതയായിരിക്കില്ല.

തങ്ങളുടെ തന്നെ യൂനിവേഴ്സിറ്റികളിൽനിന്നും പഠന കേന്ദ്രങ്ങളിൽനിന്നും പുറത്തുവരുന്ന, യുക്തിപൂർവകമായ നിരീക്ഷണങ്ങളെ അവർ മുഖവിലക്കെടുക്കണം. അവക്കിടയിൽ തിരുകിക്കയറ്റുന്ന സയണിസ്റ്റു സ്വരങ്ങളെ വേർതിരിച്ചറിയണം. പാശ്ചാത്യ സമൂഹങ്ങൾക്കും മുസ്‌ലിം സമൂഹത്തിനുമിടയിൽ യുദ്ധമുണ്ടാക്കി നാശമുണ്ടാക്കലാണ് സയണിസ്റ്റ് ലക്ഷ്യം. അങ്ങനെയാവുമ്പോഴേ ന്യൂനപക്ഷമായ ജൂതന്മാർക്ക് ലോകത്തെ നയിക്കാനും നാഗരികതകളെയും മതങ്ങളെയും ധാർമികതയെയും തകർക്കാനും കഴിയുകയൂ.

പാശ്ചാത്യ നേതൃത്വം ബുദ്ധിയുടെയും വിവേകത്തിന്റെയും ശബ്ദത്തിന് ചെവികൊടുക്കും എന്ന വലിയ പ്രതീക്ഷയാണ് നമുക്കുള്ളത്. അങ്ങനെ, മറ്റേതൊരു മതത്തെയും അവർ അംഗീകരിക്കുന്ന പോലെ ഇസ്‌ലാമിനെയും അംഗീകരിക്കും. ഇസ്‌ലാമിക സമൂഹവുമായി സഹവർത്തിക്കുന്നതിന് അവർ മനസ്സ് പാകപ്പെടുത്തുമെന്ന് നാം പ്രതീക്ഷിക്കുന്നു. ■

വിവ: **ഡോ. അബ്ദുസ്സലാം വാണിയമ്പലം**